# പതിനാലാം കേരള നിയമസഭ

*രണ്ടാം സമ്മേളനം*

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5080**

**28.10.2016-ൽ മറുപടിക്ക്**

## പെൻഡൗൺ സമരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.കെ.സി. മമ്മത് കോയ** | **ഡോ. കെ.റ്റി. ജലീൽ (ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പെൻഡൗൺ സമരം കാരണം പൊതു ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഓഫീസ് നോട്ടീസ് ബോർഡിൽ പെൻഡൗൺ സമരം പ്രഖ്യാപിച്ച് സെക്രട്ടറി പതിച്ച നോട്ടീസ് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നോട്ടീസ് പതിക്കാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടോ; | (ബി) & (സി) ഇക്കാര്യത്തിൽ അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) സ്വയം പെൻഡൗൺ സമരം പ്രഖ്യാപിക്കുകയും മറ്റു ജീവനക്കാരെ അതിനു പ്രേരിപ്പിക്കുകയും ചെയ്ത മുനിസിപ്പാലിറ്റി സെക്രട്ടറിക്കെതിരെ 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ 3, 86 എന്നീ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**